പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3215 — 14.07.2015-ൽ മറുപടിക്ക്

## മറ്റൂർ-ചെങ്ങൽ ബൈപാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ :

**ഉത്തരം**

ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരി റെയിൽവേയുടെ കാലടി റയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റൂർ - ചെങ്ങൽ ബൈപാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ശബരി റെയിൽവേയുടെ കാലടി റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റൂർ - ചെങ്ങൽ ബൈപാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച് തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായി ശ്രീ.അൻവർ സാദത്ത് എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിലും, എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും 19.05.2014-ന് ആലുവ ഗസ്റ്റ് ഹൗസിൽ വച്ച് ടി പ്രശ്നം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു യോഗം നടത്തിയിട്ടുള്ളതും, എന്നാൽ മറ്റൂർ-ചെങ്ങൽ റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടിട്ടില്ലാത്തതുമാണ്. |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ